ലോക കേരള സഭ

കേരള സർക്കാർ

# ലോക കേരള സഭ 2024

## നാലാം സമ്മേളനം

2024 ജൂൺ 14, 15

നിയമസഭാ മന്ദിരം, തിരുവനന്തപുരം

# Concept Note

### എമിഗ്രേഷൻ കരട് ബിൽ 2021

ഒന്നാം നരേന്ദ്ര മോഡി സർക്കാർ 2019ലെ തിരെഞ്ഞെടുപ്പിനോട് അനുബന്ധിച്ച് എമിഗ്രേഷൻ നിയമം 2019ന്റെ ആദ്യ കരട് പാർലമെന്റിന്റെ അവസാന സെഷനിൽ അവതരിപ്പിച്ചു. കരടു നിയമം പൊതുജനങ്ങൾക്ക് നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി വിദേശകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ നൽകുക വഴി ജനകീയമായ ഒരു നയരൂപീകരണ പ്രക്രിയ എല്ലാവരും മുന്നിൽ കണ്ടു. തൊഴിൽ കുടിയേറ്റവുമായി ബന്ധപ്പെട്ട ഭരണസംവിധാനത്തിൻറെ സമൂലമായ മാറ്റമാണ് 2019ലെ കരടു നിയമം വഴി ലക്ഷ്യമിട്ടത്. നിരവധി വിമർശനങ്ങൾക്ക് വിധേയമായ എമിഗ്രേഷൻ ക്ലിയറൻസ് തരംതിരിവുകളും പ്രോട്ടക്ടർ ഓഫ് എമിഗ്രെന്റ്സ് എന്ന സംവിധാനവുമൊക്കെ ഒഴിവാക്കി മൈഗ്രേഷൻ ബ്യൂറോകൾ പോലെയുള്ള വിപുലമായ ഭരണ സംവിധാനങ്ങൾ കരടു നിയമത്തിൽ ഉൾപ്പെട്ടു. കൂടാതെ സംസ്ഥാനങ്ങളെ പ്രവാസി ഭരണത്തിൽ ഉൾക്കൊള്ളിക്കുന്നതിനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റികൾ വളരെ വിപ്ലവകരമായ തീരുമാനമായിരുന്നു. കരട് നിയമത്തെ മെച്ചപ്പെടുത്താനുള്ള നിരവധി നിർദ്ദേശങ്ങൾ നാനാഭാഗത്ത് നിന്നും സർക്കാരിൽ സമർപ്പിച്ചു. എല്ലാവരുടെയും കണക്കുകൂട്ടൽ അടുത്ത സർക്കാർ നിർദേശങ്ങൾ പരിഗണിച്ച് അന്തിമ നിയമ നിർമ്മാണത്തിലേക്ക് കടക്കും എന്നതായിരുന്നു. രണ്ടാം മോഡി സർക്കാർ അധികാരത്തിലെത്തിയപ്പോൾ അവർ തുടർന്നുവന്ന ശ്രമം എന്ന നിലയിൽ നിയമ നിർമ്മാണം വേഗം സാധ്യമാകും എന്ന് കരുതി.

എന്നാൽ നീണ്ട രണ്ട് വർഷത്തെ കാത്തിരിപ്പിന് ശേഷം 2021ൽ കുടിയേറ്റ നിയമം 2021 എന്ന പേരിൽ പുതിയൊരു കരടു നിയമം പഴയപോലെ വിദേശകാര്യ വെബ്സൈറ്റിൽ നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി പ്രത്യക്ഷപ്പെട്ടു. പഴയ കരടിൽ നിന്ന് പ്രത്യക്ഷമായ നിരവധി മാറ്റങ്ങൾ പുതിയ രേഖയിൽ ഉണ്ടായിരുന്നു. ആദ്യ കരടിൽ പ്രവാസി എന്ന നിർവചനത്തിന്റെ പരിധിയിൽ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയിരുന്നു. അവരുടെ റിക്രൂട്ട്മെന്റ് ഉൾപ്പെടെ സുതാര്യമാക്കുന്നതിനുള്ള പല നിർദ്ദേശങ്ങളും പുതിയ രേഖയിൽ നിന്ന് അപ്രത്യക്ഷമായി. കോവിഡ് കാലത്ത് പ്രവാസികളുടെ വലിയതോതിലുള്ള തിരിച്ചുവരവ് ഉണ്ടായിട്ടു പോലും പുതിയ രേഖയിലും പുനരധിവാസം സംസ്ഥാനങ്ങളുടെ മാത്രം ഉത്തരവാദിത്വമായി നിലകൊണ്ടു. പ്രവാസി പുനരധിവാസത്തിന് യാതൊരു സാമ്പത്തിക സഹായവും കേന്ദ്രം നൽകില്ല എന്നതും പ്രത്യക്ഷമായി പറഞ്ഞു. കൂടാതെ വരുംകാല കുടിയേറ്റത്തിൽ പ്രവാസികൾ നേരിടാൻ സാധ്യതയുള്ള വെല്ലുവിളികളെ നിയമം പൂർണ്ണതോതിൽ ഉൾക്കൊണ്ടിട്ടില്ല. സ്ത്രീ കുടിയേറ്റം, കെയർ വർക്ക്, ഗാർഹിക തൊഴിൽ തുടങ്ങിയ തൊഴിൽ മേഖലകൾ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. മികച്ച രീതിയിൽ തൊഴിൽ കുടിയേറ്റം സാധ്യമാക്കുന്ന സർക്കാർ തല റിക്രൂട്ട്മെന്റ് ഏജൻസികളെ നിയമത്തിൽ പരിഗണിച്ചിട്ടില്ല. കോൺസുലാർ സേവനങ്ങൾ മെച്ചപ്പെടുത്താൻ വെൽഫെയർ കമ്മിറ്റികൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കരട് നിയമത്തിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും അവയൊന്നും 'മാൻഡേറ്ററി' ഗണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെ തന്നെയാണ് പരാതി പരിഹാര മാർഗ്ഗങ്ങളുടെയും അവസ്ഥ.

വെൽഫെയർ കമ്മിറ്റികൾ പ്രവാസികൾക്ക് നിയമ സേവനങ്ങൾ നൽകും എന്നു മാത്രം പ്രതിപാദിക്കുന്നു. പകരം, അർഹരായവർക്ക് സൗജന്യ നിയമസേവനങ്ങളും വിദേശ രാജ്യത്തെ നിയമ സംവിധാനങ്ങൾ വഴി നീതിയും ലഭ്യമാക്കേണ്ടതുണ്ട്. ഇത്തരത്തിൽ പഴയ വീഞ്ഞിനെ പുതിയ കുപ്പിയിൽ നൽകിയതാണ് 2021ലെ കരടു കുടിയേറ്റ നിയമം. എന്നിരുന്നാലും ബ്രിട്ടീഷ് നിയമങ്ങളുടെ പിടിയിൽ നിന്ന് രക്ഷപെട്ടു എന്ന ആശ്വാസത്തിൽ പ്രവാസികളും അഭ്യുദയകാംക്ഷികളും വർധിച്ച ആവേശത്തോടെ തങ്ങളുടെ നിർദേശങ്ങൾ സർക്കാരിനു സമർപ്പിച്ചു. എന്നാൽ കാത്തിരിപ്പ് തുടരുകയാണ്. ഈ പശ്ചാത്തലത്തിൽ ലോക കേരള സഭാ വേദിയിൽ കരടു ബിൽ ചർച്ച ചെയ്യുന്നത് ഉചിതമാണ്. ബില്ലിനെ മികച്ചതാക്കാൻ നിർദേശങ്ങൾ നൽകുന്നതിനോടൊപ്പം എത്രയും വേഗം ജനങ്ങളുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് പാർലമെന്റിൽ അവതരിപ്പിക്കാൻ സമ്മർദം ചെലുത്തേണ്ടതുമുണ്ട്.